**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **04-07-2022 - ൽ മറുപടിയ്ക്ക്**

**നവകേരളം കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിലയിരുത്തലുകൾ പലതലങ്ങളിൽ നടത്തിയിട്ടുണ്ട്.**<br><br>**1) ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള നവകേരളം കർമ്മപദ്ധതി 2 സമിതിയോഗത്തിൽ അവലോകനം നടന്നിട്ടുണ്ട്.**<br><br>**2) പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള വിദ്യാകിരണം സംസ്ഥാനമിഷൻ കർമ്മ സമിതി യോഗത്തിൽ അവലോകനം നടന്നിട്ടുണ്ട്.**<br><br>**3) വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ സംയുക്തമായി ചേരുന്ന അവലോകന യോഗങ്ങളിലും ഇതു സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ട്.**<br><br>**4) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എം.എൽ.എമാർ ആവശ്യപ്പെട്ടതു പ്രകാരം പ്രസ്തുത എം.എൽ.എമാരുടെ നിയോജക മണ്ഡലത്തിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായത്തോടെ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | കിഫ്ബി സഹായത്തോടെ ഭൗതിക സൗകര്യവികസനമാണ് നടത്തുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ച എന്ന നിലയിലാണ് ഭൗതികസൗകര്യ വികസനം വിദ്യാകിരണം മിഷന്റെ ഭാഗമായി തുടരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി അക്കാദമിക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടന്നു വരുന്ന പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | **ഉണ്ട്. കോവിഡ് ഘട്ടത്തിൽ ഉണ്ടായ പഠനവിടവ് കണ്ടെത്തി പരിഹരിക്കാനാവശ്യമായ പഠനപിന്തുണ നൽകി വരുന്നു. പൊതുവെ പഠനപിന്തുണ വേണ്ട കുട്ടികൾക്ക് അവർക്കാവശ്യമായ മേഖലകളിൽ പഠന** |

| | | | |
|---|---|---|---|
| | | | പിന്തുണ നൽകാനുള്ള പ്രവർത്തനങ്ങൾ സമഗ്രശിക്ഷയുടെ ഭാഗമായി നടക്കുന്നു. അതുപോലെ മികവ് കാട്ടുന്ന കുട്ടികൾക്ക് അവർ മികവ് കാട്ടുന്ന വിഷയങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷാബോധനത്തിനായി ഇ-ക്യൂബ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൈമറി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പ്രൈമറി, തലങ്ങളിലെ അദ്ധ്യാപകരെ സജ്ജമാക്കുന്നതിനായി അവധിക്കാല അദ്ധ്യാപകപരിശീലനം എല്ലാ അദ്ധ്യാപകർക്കും നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം അതത് അവസരങ്ങളിൽ അവലോകനവും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ